**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 213** **07-06-2021 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ 01.11.2007 തീയതി മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 01/11/2007 മുതൽ 31/12/2015 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്കുള്ള പ്രൊമോഷൻ യഥാസമയം നടത്തുന്നതിനും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ നിയമനം മുടങ്ങാതെ നടത്തുന്നതിനുമായി പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കുമോ? | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് സീനിയോറിറ്റി പട്ടിക ലഭ്യമാണ്. പ്രസ്തുത സീനിയോറിറ്റി പട്ടികയിലെ റാങ്ക് നം.1699 വരെയുള്ള ജീവനക്കാർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് പ്രമോഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ, നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്കുള്ള പ്രമോഷൻ നടത്തുന്നതിന് മറ്റ് തടസ്സങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ